17160
4/8/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം - ജീവനക്കാര്യം- ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (റിട്ട.) ശ്രീ.ഇ.കുഞ്ഞിമായീൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എനം.1109/2016 കേസിലെ 05/07/2016 ലെ ഉത്തരവ് നടപ്പിലാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ. (സാധാ)നം. 2668/2017/തസ്വഭവ, തിരുവനന്തപുരം, തീയതി: 01.8.2017**

---

പരാമർശം :
1. ഗ്രാമവികസന കമ്മീഷണറുടെ 28/12/2015-ലെ 20872/എസ്റ്റാ.എ 4/11/ സിആർഡി നമ്പർ ഉത്തരവ്.
2. ശ്രീ.ഇ.കുഞ്ഞിമായീൻ സർക്കാരിന് സമർപ്പിച്ച 02/06/2016 ലെ പുന:പരിശോധനാ ഹർജി.
3. ശ്രീ.ഇ. കുഞ്ഞിമായീൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ 1109/2016-ലെ 05/07/2016 ലെ അന്തിമ ഉത്തരവ്
4. ശ്രീ.ഇ.കുഞ്ഞിമായീന്റെ 26/09/2016-ലെ വിശദീകരണം.
5. ഗ്രാമവികസന കമ്മീഷണറുടെ 09/08/2016 ലെ 9828/എസ്റ്റാ.എ 4/2016/ സിആർഡി നമ്പർ കത്ത്.
6. സ.ഉ (സാധാ)നം. 2848/2016/തസ്വഭവ തീയതി 07/10/2016.
7. ഗ്രാമവികസന കമ്മീഷണറുടെ 30/12/2016, 03/06/2017 തീയതികളിലെ 9828/എസ്റ്റാഎ 4/2016/സിആർഡി നമ്പർ കത്തുകൾ.
8. അഡ്വക്കേറ്റ് ജനറലിന്റെ10.7.2017 ലെ സി4/ഒ.എ 1109/2016/എ.ജി.ഒ നമ്പർ കത്ത്.

**ഉത്തരവ്**

1988-90 വർഷത്തിൽ കല്പറ്റ ബ്ലോക്ക് പഞ്ചായത്തിലെ എൻആർഇപി/ ആർഎൽഇജിപി പദ്ധതികളിലെ ഭക്ഷ്യധാന്യ വിതരണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് അന്ന് കല്പറ്റ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറായിരുന്ന ശ്രീ.ഇ.കുഞ്ഞിമായിനെതിരെ ഗ്രാമവികസന കമ്മീഷണർ അച്ചടക്കനടപടി ആരംഭിക്കുകയും സർക്കാരിനുണ്ടായ മൊത്തം സാമ്പത്തിക നഷ്ടത്തിന്റെ പകുതി തുകയായ രൂ.1,66,276/- (ഒരു ലക്ഷത്തി അറുപത്താറായിരത്തി ഇരുന്നൂറ്റി എഴുപത്താറ് രൂപാ മാത്രം) ടിയാനിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ച് പരാമർശം (1) പ്രകാരം തീർപ്പാക്കിയിട്ടുള്ളതുമാണ്.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ഇ.കുഞ്ഞിമായീൻ പരാമർശം (2) പ്രകാരം സർക്കാരിൽ പുന:പരിശോധനാ ഹർജി സമർപ്പിക്കുകയും കൂടാതെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ.നം.1109/2016 പ്രകാരം കേസ് ഫയൽ ചെയ്യുകയും ചെയ്തു. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (3) ലെ ഉത്തരവിൽ, പരാമർശം (2) ലെ ടിയാന്റെ പുന:പരിശോധനാഹർജി പരിഗണിക്കണമെന്നും വിധിപ്പകർപ്പ് ലഭിച്ച് രണ്ടു മാസത്തിനുള്ളിൽ ടിയാനെ നേരിൽ കേട്ട് ഒന്നാം എതിർകക്ഷിയായ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഉത്തരവായി.

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർക്കാർ ടിയാനെ നേരിൽ കേട്ടു. ഹർജിക്കാരനു വേണ്ടി അഡ്വ.ജി.ഗോപിനാഥൻ നായർ ഹാജരാകുകയും പരാമർശം (4) പ്രകാരം പ്രസ്താവന സമർപ്പിക്കുകയും ചെയ്തു. ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ നടവയൽ ഷെഡ്യൂൾഡ് ട്രൈബ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയുടെ മൊഴി വളരെ പ്രധാനമാണെന്നും ടിയാനെ സാക്ഷി വിസ്താരത്തിന് അനുവദിക്കണമെന്നുള്ള തന്റെ ആവർത്തിച്ചുള്ള ആവശ്യം പരിഗണിച്ചിട്ടില്ലെന്നും, പ്രസ്തുത സെക്രട്ടറിയെ എതിർവിസ്താരം നടത്തുന്നതിന് തനിക്ക് അവസരം നൽകുകയാണെങ്കിൽ തന്റെ നിരപരാധിത്വം തെളിയിക്കാൻ കഴിയുമെന്നും ഹർജിക്കാരൻ ബോധിപ്പിച്ചു

സർക്കാർ ഇക്കാര്യം പരിശോധിച്ചു. നടവയൽ ഷെഡ്യൂൾഡ് ട്രൈബ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയെ എതിർ വിസ്താരം ചെയ്യുന്നതിന് അവസരം നൽകിയതിനു ശേഷം വിഷയം പുന:പരിശോധിച്ച് രണ്ടു മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് ഗ്രാമവികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം(6) പ്രകാരം ഉത്തരവായി. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.ഇ.കുഞ്ഞിമായീൻ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സി.പി(സി) 146/17 നമ്പർ ആയി കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തതായും സൂചന (3) ലെ വിധിന്യായം നടപ്പാക്കുന്നതിന് 04/07/2017 മുതൽ ഒരു മാസത്തെ സമയം ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ അനുവദിച്ചിട്ടുള്ളതായും പരാമർശം (8) പ്രകാരം അഡ്വക്കേറ്റ് ജനറൽ,കേരള അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഇ.കുഞ്ഞിമായീന്റെ 25/08/2015-ലെ അപേക്ഷയിലെ ആവശ്യം പരിഗണിച്ച് വയനാട് ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ വെച്ച് ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ II, ശ്രീ.കെ.ഷൗക്കത്തലിയുടെ സാന്നിധ്യത്തിൽ ശ്രീ.ഇ.കുഞ്ഞിമായീൻ സാക്ഷികളെ

എതിർവിസ്താരം നടത്തിയിട്ടുള്ളതാണ്. വർഷങ്ങൾക്കു മുമ്പ് നടന്ന സംഭവമായിട്ടു കൂടി സാക്ഷികൾ തങ്ങളുടെ മൊഴികളിൽ ഉറച്ചു നിൽക്കുകയും ചെയ്തു. നടവയൽ ഷെഡ്യൂൾഡ് ട്രൈബ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സെക്രട്ടറിയെ എതിർവിസ്താരം നടത്തണമെന്ന് ശ്രീ.ഇ.കുഞ്ഞിമായീൻ ഹിയറിംഗ് ഓഫീസറോട് തത്സമയം ആവശ്യപ്പെട്ടിരുന്നില്ലെന്നും പരാമർശം (5) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ടു ചെയ്തു. നടവയൽ നടവയൽ ഷെഡ്യൂൾഡ് ട്രൈബ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയെ എതിർ വിസ്താരം ചെയ്യുന്നതിന് ശ്രീ.കുഞ്ഞിമായീന് അവസരം നൽകണമെന്ന് ഗ്രാമ വികസന കമ്മീഷണർക്ക് നിർദ്ദേശം നൽകിയാണ് പരാമർശം (6) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ പ്രസ്തുത സൊസൈറ്റി ഇപ്പോൾ പ്രവർത്തനത്തിലില്ലെന്നും സെക്രട്ടറി ശയ്യാവലംബിയായതിനാൽ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ടാണെന്നും പരാമർശം (7) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തു.

1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടം 15 (8) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ മുമ്പാകെ എതിർവാദത്തിനായി ആഗ്രഹിക്കുന്ന സാക്ഷികളുടെ ലിസ്റ്റ് അന്വേഷണ വിചാരണാധികാരിക്ക് മുമ്പാകെ ഹാജരാക്കേണ്ടത് സർക്കാർ ജീവനക്കാരൻ തന്നെയാണ്. സർക്കാർ ജീവനക്കാരൻ വിചാരണ ചെയ്യാൻ ഉദ്ദേശിക്കുന്ന സാക്ഷി സർക്കാർ ഉദ്യോഗസ്ഥനല്ലെങ്കിൽ അയാളെ അന്വേഷണ വിചാരണയ്ക്കായി സർക്കാർ ജീവനക്കാരൻ തന്നെ ഹാജരാക്കാത്ത പക്ഷം ആ സാക്ഷിക്ക് സമൻസ് നൽകുന്നതിന് അന്വേഷണ വിചാരണാധികാരി ബാധ്യസ്ഥനായിരിക്കുന്നതല്ല. ശ്രീ.ഇ.കുഞ്ഞിമായീൻ എതിർവിസ്താരം നടത്താൻ ആഗ്രഹിക്കുന്ന സാക്ഷികളുടെ ലിസ്റ്റ് സമർപ്പിച്ചതിൽ നടവയൽ ഷെഡ്യൂൾഡ് ട്രൈബ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി ഉൾപ്പെട്ടിരുന്നില്ല. കൂടാതെ ഹിയറിംഗ് സമയത്തും ശ്രീ.ഇ.കുഞ്ഞിമായീൻ ഈ ആവശ്യം ഉന്നയിച്ചിരുന്നില്ല. നടവയൽ ഷെഡ്യൂൾഡ് ട്രൈബ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറി ''Non official'' ആണ്. ആയതിനാൽ ടിയാളെ എതിർവാദത്തിനായി ഹാജരാക്കേണ്ട ഉത്തരവാദിത്തം ശ്രീ.ഇ.കുഞ്ഞിമായീനായിരുന്നു. ശ്രീ.ഇ.കുഞ്ഞിമായീൻ പ്രസ്തുത സെക്രട്ടറിയെ ഹാജരാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (1) ലെ നടപടിക്രമം ചട്ടപ്രകാരം ആയിരുന്നു എന്നു കാണുന്നു.

മേൽ സാഹചര്യത്തിൽ ശ്രീ.ഇ.കുഞ്ഞിമായീന്റെ 02.06.2016 ലെ പുന:പരിശോധനാ ഹർജി പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവാകുന്നു.

ശ്രീ.ഇ.കുഞ്ഞിമായീൻ ,ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർ (റിട്ട.) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.നം.1109/2016 കേസിലെ 05/07/2016 ലെ അന്തിമ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ. ഷാജഹാൻ ഐ.എ.എസ്**
**സെക്രട്ടറി**

1) ശ്രീ.ഇ.കുഞ്ഞിമായീൻ, ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർ (റിട്ട.),
S/o കുഞ്ഞഹമ്മദ് ഹാജി, ഇളയടത്തു വീട്,കൈതയ്ക്കൽ, പനമരം (പി.ഒ),വയനാട്-670721
2) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3) അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
5) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (10/07/2017 ലെ ഉപദേശ ബി2/129/2017/ഉഭപവ പ്രകാരം)
6) നിയമ വകുപ്പ് (24/07/2017 ലെ 15854/ഡി3/17/നിയമം പ്രകാരം)
7) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
9) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ